പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 381 27.6.2012 ന് മറുപടിക്ക്

ഗാർഹിക തൊഴിലാളി ക്ഷേമനിധി ബോർഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കെ.നാരായണൻ<br>ശ്രീമതി.കെ.കെ.ലതിക<br>ശ്രീമതി.കെ.എസ്. സലീഖ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ | ശ്രീ.ഷിബു ബേബി ജോൺ<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| എ)ഗാർഹിക തൊഴിലാളികൾക്ക് വേണ്ടി മുൻസർക്കാരിന്റെ കാലത്ത് രൂപം നൽകിയ ക്ഷേമനിധിയുടെ പ്രവർത്തനം വിശദമാക്കാമോ; | എ) 20.1.2011 -ൽ നിലവിൽ വന്ന ക്ഷേമനിധിയുടെ പ്രവർത്തനം 10 ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട് . അഞ്ച് ഭരണ സമിതി യോഗം വ്യത്യസ്ത ജില്ലകളിൽ വച്ച് കൂടുകയും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്തു. ആയതിലേക്കായി അപേക്ഷാ ഫാറം, അംഗത്വ ഉത്തരവ്, എന്നിവ തയ്യാറാക്കി ജില്ലാ ആഫീസുകളിൽ എത്തിക്കുകയും പദ്ധതിയെ പറ്റി ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി മാദ്ധ്യമങ്ങൾ വഴി പരസ്യം നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ 60 വയസ്സ് കഴിഞ്ഞ ഗാർഹിക തൊഴിലാളികൾക്കുള്ള പെൻഷൻ എന്ന ശീർഷകം നടപ്പാക്കുന്നതിലേക്കായി, പെൻഷൻ വിതരണത്തിനുള്ള അപേക്ഷാ ഫാറം തയ്യാറാക്കി പ്രിൻറിംഗിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു. ചികിൽസാ ധനസഹായം എന്ന ശീർഷകത്തിൽ അംഗത്വമെടുത്ത് അംഗത്വ കാലാവധി ആറു മാസമെങ്കിലും പൂർത്തിയാകുമ്പോൾ ആശുപത്രിയിൽ കിടന്നുള്ള ചികിൽസയ്ക്ക് ചികിൽസാ സഹായം കിട്ടുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്. ആയതിലേയ്ക്കായി ചികിൽസാസഹായത്തിനുള്ള |

| | |
|---|---|
| | അപേക്ഷ ഫാറം തയ്യാറാക്കി പ്രിൻറിംഗിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു. |
| ബി)പ്രസ്തുത ക്ഷേമനിധിയിൽ അംഗങ്ങളെ ചേർത്തിട്ടുണ്ടെങ്കിൽ ആയതിന്റെ കണക്ക് ലഭ്യമാക്കുമോ; | ബി) പദ്ധതിയിലേക്ക് അംഗങ്ങളെ ചേർക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. അപേക്ഷാഫാറങ്ങൾ അച്ചടിച്ച് വിതരണം ചെയ്തെങ്കിലും പൂരിപ്പിച്ച അപേക്ഷാഫാറങ്ങൾ ഒന്നും തന്നെ മടക്കി ലഭിച്ചിട്ടില്ല. |
| സി)ക്ഷേമനിധിബോർഡ് ഇതുവരെ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി എന്ന് വിശദീകരിക്കുമോ? | സി) സർക്കാർ ഉത്തരവ്(കൈ)08/2011 തൊഴിൽ നമ്പരായി 20/01/2011-ൽ കേരള ഗാർഹിക തൊഴിലാളി ക്ഷേമനിധി പദ്ധതി നിലവിൽ വന്നു. 9.2.2012-ൽ സ.ഉ(സാധാ)നം.214/2012/തൊഴിൽ നമ്പരായി ഭരണസമിതി രൂപീകരിച്ച് ഉത്തരവാകുകയും 26.3.12 ലെ സ.ഉ.(സാധാ)458/12/തൊഴിൽ നമ്പർ ഉത്തരവിലൂടെ പദ്ധതിയുടെ പ്രാരംഭ ചെലവുകൾക്കായി അൻപത് ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. തുടർന്ന് 20.3.2012-നും 15.6.2012-നും ഇടയിൽ അഞ്ച് ഭരണ സമിതി യോഗം വ്യത്യസ്ത ജില്ലകളിൽ വച്ച് കൂടുകയും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്തു. ആയതിലേക്കായി അപേക്ഷാ ഫാറം, അംഗത്വ ഉത്തരവ്, ഐഡൻറിറ്റി കാർഡ് എന്നിവ തയ്യാറാക്കി ജില്ലാ ആഫീസുകളിൽ എത്തിക്കുകയും പദ്ധതിയെ പറ്റി ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി മാദ്ധ്യമങ്ങൾ വഴിയും വിവിധ ജില്ലകളിൽ പ്രാദേശിക മാദ്ധ്യമങ്ങൾ വഴിയും പരസ്യം നൽകിയിട്ടുണ്ട്. കേരള ഗാർഹിക തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ (അദ്ധ്യായം(3) ഖണ്ഡിക(8)എ, അദ്ധ്യായം (3)ഖണ്ഡിക(12)-ഒഴികെ) ആക്റ്റ് പ്രകാരം ആനുകൂല്യങ്ങൾ വിതരണം ചെയ്യേണ്ടത് തൊഴിലാളികൾ അംഗത്വം |

സ്വീകരിച്ച് ഒരു വർഷമോ അതിലധിക കാലയളവോ കഴിഞ്ഞതിന് ശേഷമാണ്. അദ്ധ്യായം മൂന്ന് ഖണ്ഡിക(8)എ പ്രകാരം നിലവിൽ 60 വയസ്സ് കഴിഞ്ഞ ഗാർഹിക തൊഴിലാളികൾക്കുള്ള പെൻഷൻ എന്ന ശീർഷകം നടപ്പാക്കുന്നതിലേക്കായി, പെൻഷൻ വിതരണത്തിനുള്ള അപേക്ഷാ ഫാറം തയ്യാറാക്കി പ്രിൻറിംഗിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു. അദ്ധ്യായം(3)ഖണ്ഡിക (12) പ്രകാരം ചികിൽസാ ധനസഹായം എന്ന ശീർഷകത്തിൽ അംഗത്വമെടുത്ത് അംഗത്വ കാലാവധി ആറു മാസമെങ്കിലും പൂർത്തിയാകുമ്പോൾ ആശുപത്രിയിൽ കിടന്നുള്ള ചികിൽസയ്ക്ക് ചികിൽസാ സഹായം കിട്ടുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്. ആയതിലേയ്ക്കായി ചികിൽസാസഹായത്തിനുള്ള അപേക്ഷ ഫാറം തയ്യാറാക്കി പ്രിൻറിംഗിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു. കൂടാതെ നിലവിൽ കേരള കൈത്തൊഴിലാളി വിദഗ്ധതൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗങ്ങളായിട്ടുള്ള 28,000 ഗാർഹിക തൊഴിലാളികളെ പുതിയ പദ്ധതിയിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ